"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികവർഗ്ഗ വികസന വകുപ്പ് - മുഖ്യമന്ത്രിയുടെ ഓണസമ്മാനം - 2023 വർഷത്തിൽ കോട്ടയം ജില്ല ഒഴികെയുള്ള സംസ്ഥാനത്തെ 60 വയസ്സ മുതൽ പ്രായമുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 1000/- രൂപ വീതം ഓണസമ്മാനമായി വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.23/2023/SCSTD തീയതി,തിരുവനന്തപുരം, 21-08-2023

---

പരാമർശം:-

1. സ.ഉ (കൈ)നം. 44/2022/പജപവവിവ., തീയതി. 01.09.2022.
2. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 10.07.2023, 20.07.2023 എന്നീ തീയതികളിലെ യഥാക്രമം എ1 /8751/2023/STDD(2), എ1/8751/2023/STDD(2) നമ്പർ കത്തുകൾ.

**ഉത്തരവ്**

പരാമർശം (1) പ്രകാരം 2022 - വർഷ ത്തിൽ സംസ്ഥാനത്തെ 60 വയസ്സ മുതൽ പ്രായമുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 1000/- രൂപ വീതം ബഹ.മുഖ്യമന്ത്രിയുടെ ഓണസമ്മാനമായി അനുവദിക്കുകയുണ്ടായി.

2. സംസ്ഥാനത്ത് നിലവിൽ 60 വയസ് പൂർത്തിയായ 55781 പട്ടികവർഗ്ഗക്കാരുണ്ടന്നും ഇവർക്ക് മുൻവർഷത്തെപ്പോലെ 2023-ലെ ഓണത്തിനും 1000/-രൂപ വിതം ബഹ.മുഖ്യമന്ത്രിയുടെ ഓണസമ്മാനമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഈ ഇനത്തിൽ അനുവദിക്കുന്ന തുക പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ച് അതാത് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാരുടെ എസ്.റ്റി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് ബാങ്ക് അക്കൗണ്ട് ഉള്ളവർക്ക് ഡി.ബി.ടി വഴിയും, ബാങ്ക് അക്കൗണ്ട് ഇല്ലാത്തവർക്ക് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ തുക മാറി വ്യക്തികൾക്ക് അക്വിറ്റൻസ് പ്രകാരം നേരിട്ട് വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചു കൊണ്ട് പരാമർശം (2) പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പിന്റെ മാതൃകാ പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ 60 വയസ്സ് മുതൽ പ്രായമുള്ള 55781 പട്ടികവർഗ്ഗക്കാരിൽ നിന്നും കോട്ടയം ജില്ലയിലെ ഗുണഭോക്താക്കളെ തൽക്കാലം ഒഴിവാക്കി, ടിയാളുകൾക്ക് പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പിന്റെ മാതൃകാ പെരുമാറ്റച്ചട്ടം പിൻവലിക്കുന്ന മുറയ്ക്ക് ഓണസമ്മാനമായി 1000/-രൂപ വീതം നൽകാവുന്നതാണ് എന്ന വ്യവസ്ഥയിൽ, മറ്റെല്ലാ ജില്ലകളിലെയും ഗുണഭോക്താക്കൾക്ക് 1000/-രൂപ (ആയിരം രൂപ മാത്രം) വീതം മുഖ്യമന്ത്രിയുടെ ഓണസമ്മാനമായി 2023 ഓണക്കാലത്ത് നൽകുന്നതിനും ഈയിനത്തിലുള്ള ചെലവിനായി 5,57,81,000/- രൂപ (അഞ്ചുകോടി അമ്പത്തിയേഴ് ലക്ഷത്തി എൺപത്തൊരായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു. ടി തുക പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ എസ്.റ്റി.എസ്.ബി അക്കൗണ്ടിലേക്ക് (നമ്പർ 701121400000028) നിക്ഷേപിക്കുന്നത് സംബന്ധിച്ചുള്ള ഉത്തരവ് റവന്യൂ വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്നതാണ്. ബാങ്ക് അക്കൗണ്ടുള്ള ഗുണഭോക്താക്കൾക്ക് ബാങ്ക് ഡി.ബി.റ്റി വഴിയും ഇല്ലാത്തവർക്ക് പണമായും മേൽപറഞ്ഞ ധനസഹായം വിതരണം ചെയ്യേണ്ടതാണ്. ഇക്കാര്യം സമയബന്ധിതമായും കൃത്യമായും നടപ്പാക്കുന്നുവെന്ന് പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രശാന്ത് എൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ഓഡിറ്റ് എ & ഇ), തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
ധനകാര്യ വകുപ്പ്
റവന്യൂ ( ഡി.ആർ.എഫ് - എ ) വകുപ്പ്
ഇലക്ഷൻ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, പബ്ലിക് റിലേഷൻസ് വകുപ്പ് (ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Biji.c.n
Date: 21-08-2023 14:41:40
സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രിയുടെ
പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എയ്ക്ക്.
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്.